(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -7/48/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

തീയതി .19.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്,
കാസറഗോഡ് ജില്ല

സർ,

വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി -7/48/2017 തീയതി:19.01.2017

## കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.02.2016 മുതൽ 17.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 25.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലോകേഷ ആചാരി.ബി, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കുഞ്ഞിക്കൃഷ്ണൻ.കെ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പി.ഗോപാലൻ മാസ്റ്റർ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി എൻ. ടി. ലക്ഷ്മി | 18.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | കെ.കൃഷ്ണ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | രാഘവേന്ദ്ര.പി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജി.ഉഷാർ കൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്.മാണിമൂല | എം.കെ.ബാബുരാജ് | 01.04.2015 മുതൽ 31.05.2015 വരെ |
| | യു.ഫിലിപ്പ് ലൂക്കോസ് | 01.06.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ. | എ.ദിനേശൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്റ, ഹോമിയോ | വി.എം.നസീമ മോൾ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസ്സ്, ആയുർവേദം | കെ.സിറാജുദ്ദീൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.കെ.ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സ്സർജൻ | എ.വി.അരുൺകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷിജി.എൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്സ്, അലോപ്പതി | എം.ടി.അമൂല്യ | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | ഡി.&ഒ. ലൈസൻസ് ഫീ- കുറവ് | 2-1 | |
| 2 | ഡി.&ഒ. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 | |
| 3 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 4 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 5 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 | |
| 6 | പെർമിറ്റ് ഫീ- ഈടാക്കിയതിൽ കുറവ് | 2-6 | |
| 7 | സാംഖ്യാ രശീതി സ്റ്റോക്ക് രജിസ്റ്റർ- അപാകതകൾ | 2-7 | |
| 8 | ഇ. ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് | 2-8 | |

| | | | |
|---|---|---|---|
| | പഞ്ചായത്തിന് ലഭിച്ചിട്ടില്ല | | |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | ഭവന പദ്ധതി- അധികം തുക നൽകി | 3-1 | |
| 2 | ഭവന നിർമാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല, | 3-2 | |
| 3 | കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-3 | |
| 4 | മീഡിയാശ്രീ പദ്ധതി- പൂർത്തീകരിച്ചിട്ടില്ല | 3-4 | |
| 5 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല | 3-5 | |
| 6 | നോൺ ബാങ്കിംഗ് ട്രഷറി അക്കൗണ്ട്- ഭീമമായ നീക്കിയിരിപ്പ് | 3-6 | |
| 7 | ടെണ്ടറുകളിൽ മൽസരം ഇല്ല | 3-7 | |
| 8 | റോഡുകളുടെ ഉപരിതലം കോൺക്രീറ്റിന് ഫ്ലോറിംഗിനുള്ള നിരക്ക് | 3-8 | |
| 9 | പശു വളർത്തൽ പദ്ധതി - കരാർ ചമച്ചിട്ടില്ല | 3-9 | |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |

<u>അനുബന്ധം</u>

1.ഓഡിറ്റ് സാക്ഷ്യപത്രം
2.റസീറ്റ് & പേമെന്റ് അക്കൗണ്ട്
3.ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്
4.ബാലൻസ് ഷീറ്റ്

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27.03.2015 തിയതിയിലെ 51/2015 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.07.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 22.11.2016 ന് പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,92,31,940.89 |
| വരവ് | 9,23,28,213 |
| ആകെ | 12,15,60,153.89 |
| ചെലവ് | 10,42,77,422 |
| നീക്കിയിരിപ്പ് | 1,72,82,731.89 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 18,06,062 | 19,79,819 | 84,42,219 | 1,22,28,100 | 1,21,53,100 | 75,000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 61,31,750 | 36,85,000 | - | 98,16,750 | 63,85,000 | 34,31,750 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1,95,366 | 12,67,500 | - | 14,62,866 | 12,67,500 | 1,95,366 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 33,08,775 | 48,70,985 | - | 81,79,760 | 67,59,634 | 14,20,126 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 37,03,575 | 31,56,017 | - | 68,59,592 | 34,64,615 | 33,94,977 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 9,98,062 | 62,73,017 | - | 72,71,079 | 78,99,663 | - | (-)6,28,584 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11,28,584 | 21,39,335 | - | 32,67,919 | 26,39,335 | - | (+)6,28,584 | |
| തൊഴിലുറപ്പ് പദ്ധതി | 98,087 | 2,42,91,723 | - | 2,43,89,810 | 2,43,72,386 | - | 17,424 | |
| ബി ഫണ്ട് | - | 2,74,09,840 | - | 2,74,09,840 | 2,74,09,840 | - | 0 | |

*FTO amount in MGNREGA - ₹.2,37,92,788

DBT amount of Social Security Pensions- ₹.2,66,97,920

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 7,87,54,979 | 100 | 4,40,07,183 | 0 | 27 | 79 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 6 | 12,37,730 | 6 | 11,41,730 | 92 |
| 2 | വെറ്റിനറി സർജൻ | 2 | 5,30,000 | 2 | 2,90,000 | 55 |
| 3 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 1 | 4,00,000 | 1 | 2,84,341 | 71 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2,50,000 | 2 | 2,48,800 | 99.5 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 5,00,000 | 1 | 5,00,000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 2,31,13,350 | 7 | 52,28,350 | 23 |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 32,40,450 | 5 | 31,25,623 | 96 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 15 | 63,45,472 | 2 | 52,96,306 | 83 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 2,36,13,893 | 65 | 1,90,55,408 | 81 |
| 10 | ഹെഡ് മാസ്റ്റർ | 4 | 1,50,000 | 4 | 1,49,125 | 99.9 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 1,83,74,084 | 5 | 76,87,500 | 42 |

## 1-7 തനത് വരുമാനം.

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 29,34,552 | 30,61,976 | (+)1,27,424 |

| | | | |
|---|---|---|---|
| നികുതിയേതര വരവുകൾ | 11,94,138 | 13,75,278 | (+)1,81,140 |
| മറ്റുവരവുകൾ | 3,28,030 | 4,79,071 | (+)1,51,041 |
| ആകെ | 44,56,720 | 49,16,325 | (+)4,59,605 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 19,34,822 | 20,19,311 | (+)84,489 | |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ) (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 1,81,170 | 1,99,895 | (+)18,725 | |
| തൊഴിൽ നികുതി (ജീവനക്കാർ) | 8,18,560 | 8,42,770 | (+)24,210 | |
| ആകെ നികുതി വരവ് | 29,34,552 | 30,61,976 | (+)1,27,424 | (+)4.34 |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 40,900 | 50,850 | (+)9,950 | |
| ബസ് സ്റ്റാന്റ് വരവ് | 33,800 | 68,650 | (+)34,850 | |
| വാടക വരവ് | 5,23,364 | 5,87,314 | (+)63,950 | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 3,25,704 | 2,60,182 | (-)65,522 | |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും വിറ്റു വരവ് | 2,70,370 | 4,08,282 | (+)1,37,912 | |
| ആകെ നികുതിയേതര വരവ് | 11,94,138 | 13,75,278 | (+)1,81,140 | (+)15 |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 3,28,030 | 4,79,071 | (+)1,51,041 | |
| ആകെ മറ്റു വരവുകൾ | 3,28,030 | 4,79,071 | (+)1,51,041 | 46 |
| ആകെ തനതു വരുമാനം | 44,56,720 | 49,16,325 | (+)4,59,605 | (+)10.31 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 76,920 | 48 |
| കർഷക തൊഴിലാളി പെൻഷൻ | 17,17,440 | 202 |
| വിധവാ പെൻഷൻ | 98,15,840 | 938 |
| വാർദ്ധക്യകാല പെൻഷൻ | 1,18,08,740 | 1313 |
| വികലാംഗ പെൻഷൻ | 29,49,740 | 314 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,00,000 | 20 |

| | | |
|---|---|---|
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,06,160 | 43 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,546/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2016 | 07/16 മുതൽ 09/16 വരെ | 06.10.2016 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2012 മുതൽ 21.03.2012 വരെ | 2007-08 | 31.05.2012 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് ഫീ - ഈടാക്കിയതിൽ കുറവ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 02/2016/04-11-2016)

2015-16 സാമ്പത്തിക വർഷത്തെ ഡി.ആന്റ് ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും, അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച വ്യാപാരിയുടെ പേര്,(ഡി.&ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമനമ്പർ)& കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ സ്വഭാവം | ഒരു ദിവസത്തെ വിറ്റ് വരവ് (ഡി.&ഒ. ലൈസൻസ്അപേക്ഷ പ്രകാരം ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| പി.അശോകൻ s/o കുഞ്ഞനുനായർ 40/15-16 V/496 A,B,C,D,E | ഹാർഡ് വെയർ | 25,000/- | 500 | 200 Rt.NO.11501100552/ 25-05-15 | 300 |

| | | | | | |
|---|---|---|---|---|---|
| അനിൽ കുമാർ.കെ.പി<br>s/o നാരായണൻ.എം<br>87/15-16<br>V/529 A | പെട്രോൾ പമ്പ് മദൻ ഫ്യൂവൽസ് | 2,00000/- | 4,000 | 1,000<br>Rt.No.11501100989/<br>18-06-15 | 3,000 |
| സക്കറിയ.കെ.എം<br>s/oമുഹമ്മദ്കുഞ്ഞി<br>118/15-16<br>XIV/550 A,B | സിമന്റ് വ്യാപാരം | 50,000/- | 1,000 | 200<br>Rt.No.11501101192/<br>01-07-15 | 800 |
| കെ.ജി.വിനോദ്<br>s/o കെ.ഗോവിന്ദൻ<br>153/15-16<br>X/673,674 | മലഞ്ചരക്ക് വ്യാപാരം | 30,000/- | 1,000 | 200<br>Rt.No.1150110494/<br>30-07-15 | 800 |
| അബ്ദുൾ ഖാദർ.ടി<br>s/o അസൈനാർ<br>212/15-16<br>I/ 228 | മലഞ്ചരക്ക് വ്യാപാരം | 10,000/- | 200 | 100<br>Rt.No.11501102156/<br>23-09-15 | 100 |
| അബ്ദുൾ സലാം.എം.എ.<br>s/o അബ്ദുൾ റഹിമാൻ ഹാജി<br>320/15-16<br>XIII/ 285 | മലഞ്ചരക്ക് വ്യാപാരം | 8,000/- | 200 | 100<br>Rt.11501104025/<br>17-02-16 | |
| ആകെ | | | | | 5,100 |

ഡി.&ഒ. ലൈസൻസ് ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 2/22-11-2016 മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന ഡി.&ഒ. ലൈസൻസ് ഫീസ് കച്ചവടക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ കുറവ് വന്ന 5,100/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ്- വാടകക്കാർ ഡി.&ഒ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 01/ 21-11-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാർ 1996 –ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം | കച്ചവട സ്ഥാപനത്തിന്റെ | കച്ചവടക്കാരന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| | പേജ് നമ്പർ | കെട്ടിട നമ്പർ | |
| 1 | 24/15-16 | IV/436 A-1 | ബാബു നായ്ക്ക് |
| 2 | 26/15-16 | IV/436 A-3 | അരവിന്ദാക്ഷൻ |
| 3 | 27/15-16 | IV/436 A-4 | ജോസഫ് ഈപ്പൻ |
| 4 | 28/15-16 | IV/436 A-5 | ജോബി സെബാസ്റ്റ്യൻ |
| 5 | 29/15-16 | IV/436 A-6 | പ്രകാശ്.പി.സി |
| 6 | 30/15-16 | IV/436 A-7 | മുഹമ്മദ് ഹനീഫ് |
| 7 | 31/15-16 | IV/436 A-8 | സി.മാധവൻ നായർ |
| 8 | 32/15-16 | IV/436 A-9 | ഉണ്ണികൃഷ്ണൻ.സി.കെ |
| 9 | 33/15-16 | IV/436 A-10 | ഹക്കീം.കെ.എം |
| 10 | 35/15/16 | IV/436 A-13 | അബൂബക്കർ സിദ്ധിക്ക് |
| 11 | 36/15-16 | IV/436 A-14 | എ.പി.നാരായണൻ |

| | | | |
|---|---|---|---|
| 12 | 37/15-16 | IV/436 A-15 | മോഹനൻ നമ്പ്യാർ |
| 13 | 38/15-16 | IV/436 A-16 | രാമകൃഷ്ണൻ.കെ |
| 14 | 39/15-16 | IV/436 A-17 | കരുണാകരൻ.എം |
| 15 | 40/15-16 | IV/436 A-18 | പത്മിനി |
| 16 | 41/15-16 | IV/436 A-19 | രാജൻ.വി.എൻ |
| 17 | 42/15-16 | IV/436 A-20 | റഫീഖ്.എം |

മേൽ വിവരിച്ച കച്ചവടക്കാർ ഡി.&ഒ. ലൈസൻസ് എടുക്കാതെ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ വ്യാപാരം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ വേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 1/21-11-2016 സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കച്ചവടക്കാരിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും അവരുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഡി. & ഒ. ലൈസൻസ് ഫീ ഈടാക്കേണ്ടതും മേലിൽ ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ വ്യാപാര സ്ഥാപനങ്ങളോ ഫാക്ടറികളോ പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം വാടകയ്ക്ക് എടുത്ത വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 01/ 21-11-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും |
|---|---|---|---|
| 1 | 24/15-16 | IV/436 A-1 | ബാബു നായ്ക് |
| 2 | 26/15-16 | IV/436 A-3 | അരവിന്ദാക്ഷൻ |
| 3 | 27/15-16 | IV/436 A-4 | ജോസഫ് ഈപ്പൻ |
| 4 | 28/15-16 | IV/436 A-5 | ജോബി സെബാസ്റ്റ്യൻ |
| 5 | 29/15-16 | IV/436 A-6 | പ്രകാശ്.പി.സി |
| 6 | 30/15-16 | IV/436 A-7 | മുഹമ്മദ് ഹനീഫ് |
| 7 | 31/15-16 | IV/436 A-8 | സി.മാധവൻ നായർ |
| 8 | 32/15-16 | IV/436 A-9 | ഉണ്ണികൃഷ്ണൻ.സി.കെ |
| 9 | 33/15-16 | IV/436 A-10 | ഹക്കീം.കെ.എം |
| 10 | 35/15/16 | IV/436 A-13 | അബൂബക്കർ സിദ്ധിക്ക് |

| | | | |
|---|---|---|---|
| 11 | 36/15-16 | IV/436 A-14 | എ.പി.നാരായൺ |
| 12 | 37/15-16 | IV/436 A-15 | മോഹനൻ നമ്പ്യാർ |
| 13 | 38/15-16 | IV/436 A-16 | രാമകൃഷ്ണൻ.കെ |
| 14 | 39/15-16 | IV/436 A-17 | കരുണാകരൻ.എം |
| 15 | 40/15-16 | IV/436 A-18 | പത്മിനി |
| 16 | 41/15-16 | IV/436 A-19 | രാജൻ.വി.എൻ |
| 17 | 42/15-16 | IV/436 A-20 | റഫീഖ്.എം |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ വേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 1/21-11-2016 സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 <u>ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

(ഓഡിറ്റ് എൻക്വയറി നമ്പർ 03/22-11-2016 )

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും, റിട്ടേൺസും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷൻ | 2015-16 രണ്ടാം അർദ്ധവർഷം |
| 2 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി,പട്ടുപ്പ് | 2015-16 ഒന്നാം അർദ്ധവർഷം |
| 3 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി,ബന്തടുക്ക | 2015-16 ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

(ഓഡിറ്റ് എൻക്വയറി നമ്പർ 03/22-11-2016 )

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനം അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷൻ,ബന്തടുക്ക | 2015-16 ഒന്നും, രണ്ടും അർദ്ധവർഷം |
| 2 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി,പട്ടുപ്പ് | 2015-16 ഒന്നും, രണ്ടും അർദ്ധവർഷം |
| 3 | വനിത കോ-ഓപ്പറേറ്റീവ് | 2014-15 ഒന്നും, രണ്ടും |

| | | |
|---|---|---|
| | സൊസൈറ്റി,ബന്തടുക്ക | അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ 2015-16 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ഫയൽ നമ്പർ | പ്ലിന്ത് ഏരിയ | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| അബ്ദുൾ കാദർ.സി.പി<br>s/o അബ്ദുൾ റഹിമാൻ ഹാജി<br>കുറ്റിക്കോൽ | A 3-2972 | G.F-126.83 m2<br>F.F-26.80 m2<br>porch-9.69m2<br>==<br>163.32m2 | 490 | 490 |
| ആകെ | | | | 490 |

കുറവ് വന്ന 490/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-7 സാംഖ്യാ രശീതി സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ

2015-16 ഓഡിറ്റ് വർഷത്തിലെ സാംഖ്യാ രശീതികളുടെ പരിശോധന കാലയളവിൽ, രശീതികളുടെ ആകെ സ്റ്റോക്ക്, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ ദിവസേന ഉപയോഗിക്കുന്ന സാംഖ്യാ രശീതികളുടെ എണ്ണം അവയുടെ ബാലൻസ് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സാംഖ്യാ രശീതികളുടെ ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2015-16 വർഷത്തിൽ ഇ ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ടെണ്ടർ നം | പ്രവൃത്തിയുടെ പേര്, ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|
| 1 | 2016-LSGD-60626-1 | ആനക്കല്ല് കുന്നമ്മൽ റോഡ് ടാറിംഗ് (പ്രോജക്ട് നം 49/15-16)<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,500 | 5 | 7,500 |
| 2 | 2016-LSGD-60636-1 | വളവ് വെള്ളാല റോഡ് ടാറിംഗ് | 3 | 4,500 |

| | | | | |
|---|---|---|---|---|
| | | (പ്രോജക്ട് നം 47/15-16)<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,500 | | |
| 3 | 2016-LSGD-60638-1 | വട്ടച്ചാൽ മണപ്പാടി റോഡ് ടാറിംഗ് & റീ ടീറാറിംഗ് (പ്രോജക്ട് നം 56/15-16)<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,900 | 5 | 9,500 |
| 4 | 2016-LSGD-60617-1 | ആലക്കാട്ടടുക്കം ബേത്തലം റോഡ് ടാറിംഗ് (പ്രോജക്ട് നം 38/15-16)<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,100 | 2 | 2,200 |
| 5 | 2016-LSGD-60633-1 | മാണിമൂല ചൂളംകല്ല് റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,600 | 2 | 3,200 |

ആകെ- 26,900

മേൽ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ ജില്ആയതിസ്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും തുക നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക എത്രയും പെട്ടെന്ന് ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭവന പദ്ധതി - തുക അധികം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

പ്രൊജക്ട് നം.126/16 – എസ്.ടി.മലവേട്ടുവ ഭവന പദ്ധതി(എസ്.സി.പി.ഫണ്ട്)

2015-16 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ എസ്.ടി.മലവേട്ടുവ ഭവന പദ്ധതി(എസ്.സി.പി.ഫണ്ട്)ക്കായി ആകെ 44,75,000/- രൂപ വിവിധ ഗഡുക്കളായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 3,00,000/- രൂപയാണ് ഈ പദ്ധതി പ്രകാരം സബ്സിഡിയായി ഒരു ഗുണഭോക്താവിന് നൽകുന്നത്. ആകെ 25 ഗുണഭോക്താളാണ് ഈ പദ്ധതിക്കായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട തുക നൽകിയതിന്റെ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ ഈ പ്രോജക്ടിൽ ഉൾപ്പെട്ട ക്രമ നമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവായ ശ്രീ.ഗോപാലൻ.എച്ച്, S/O കൈക്കളൻ,ബേത്തൂർപാറ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടിയാന് താഴെപ്പറയും പ്രകാരമാണ് തുക നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ | ഗഡു | തുക | ഡിഡി നം. | റിമാർക്ക്സ് |
|---|---|---|---|---|

| നം. | | | | |
|---|---|---|---|---|
| 1 | ഒന്നാം ഗഡു | 25,000/- | 347820/26.02.15 | 2014-15 വർഷത്തിൽ നൽകിയത് |
| 2 | രണ്ടാം ഗഡു | 1,00,000/- | 348347/17.07.15 | ബിൽ നം.01/08.07.15 -12,00,000/-രൂപ |
| 3 | മൂന്നാം ഗഡു | 75,000/- | 348793/30.12.15 | ബിൽ നം.09/17.12.15-3,80,000/-രൂപ |
| 4 | നാലാം ഗഡു | 1,00,000/- | 839306/20.09.16 | 2016-17 വർഷത്തിൽ നൽകിയത് |
| | ആകെ | 3,00,000/- | | |

എന്നാൽ യഥാർത്ഥത്തിൽ നൽകിയത് താഴെപ്പറയും പ്രകാരമാണ്

| ക്രമ നം. | ഗഡു | തുക | ഡിഡി നം. | റിമാർക്സ് |
|---|---|---|---|---|
| 1 | ഒന്നാം ഗഡു | 25,000/- | 347820/26.02.15 | 2014-15 വർഷത്തിൽ നൽകിയത് |
| 2 | രണ്ടാം ഗഡു | 1,00,000/- | 348347/17.07.15 | ബിൽ നം.01/08.07.15 -12,00,000/-രൂപ |
| 3 | മൂന്നാം ഗഡു | 75,000/- | 348793/30.12.15 | ബിൽ നം.09/17.12.15-3,80,000/-രൂപ |
| 4 | നാലാം ഗഡു | 50,000/- | 348941/14.03.2016 | ബിൽ നം.18/26.0 2.2016 1,75,000/- രൂപ |
| 5 | അഞ്ചാം ഗഡു | 1,00,000/- | 839306/20.09.16 | 2016-17 വർഷത്തിൽ നൽകിയത് |
| | ആകെ | 3,50,000/- | | |

2015-16 വർഷത്തിൽ ബിൽ നം.18/26.02.2016 പ്രകാരം 1,75,000/- രൂപ മാറിയതിൽ നിന്നും ഡിഡി നം.348941/14.03.2016 പ്രകാരം 50,000/- രൂപ കൂടി ശ്രീ.ഗോപാലൻ.എച്ച്, S/O കൈക്കളൻ,ബേത്തൂർപാറ എന്നവർക്ക് നൽകിയിട്ടുണ്ട്. ഈ തുക പ്രസ്തുത ഗുണഭോക്താവ് കൈപ്പറ്റിയത് നിർവ്വഹണ ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതു് വഴി ഈ ഗുണഭോക്താവിന് ആകെ അഞ്ച് ഗഡുക്കളായി 3,50,000/- രൂപ നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന് 50,000/-രൂപ അധികം നൽകിയതിന് ഓഡിറ്റ് എൻക്വയറി നം.05/24.11.2016 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ അധികം നൽകിയ 50,000/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഭവന നിർമ്മാണ പദ്ധതി - ഭവനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

പ്രൊജക്ട് നം.126/16 – എസ്.ടി.മലവേട്ടുവ ഭവന പദ്ധതി(എസ്.സി.പി.ഫണ്ട്)

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ എസ്.സി.പി.ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ എസ്.ടി.മലവേട്ടുവ ഭവന പദ്ധതിയിൽ നിരവധി വീടുകൾ ഇനിയും പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. ആകെ 25 ഗുണഭോക്താക്കളുള്ള ഈ പദ്ധതിയിൽ 14 ഗുണഭോക്താക്കൾ മാത്രമേ വീട് പൂർത്തീകരിച്ചിട്ടുള്ളൂ, ബാക്കി 11 ഗുണഭോക്താക്കൾ വീട് പൂർത്തീകരിച്ചിട്ടില്ല. ഇതിൽ വിവിധ ഗഡുക്കൾ പ്രകാരം തുക കൈപ്പറ്റിയ പലരും വീട് നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. വീടുകൾ ഇനിയും പൂർത്തീകരിക്കാത്ത 11 ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേര് | ആകെ |
|---|---|---|

| നം. | | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വീരൻ,s/o. കൈക്കളൻ, മാണിമൂല | 2,00,000/- |
| 2 | ലാല്യ,s/o.അമ്പാടി, നരമ്പിലക്കണ്ടം | 2,25,000/- |
| 3 | അംബിക,w/o.അമ്പാടി,ശാസ്ത്രിനഗർ | 2,00,000/- |
| 4 | ചേരിപ്പാടിയൻ,s/o.വെളുത്തൻ,ദർബടുക്കം | 2,75,000/- |
| 5 | ദാമോദരൻ, s/o.ചാല,ബന്തടുക്ക | 2,25,000/- |
| 6 | പുത്തിരിച്ചി,w/o.ബീരൻ, കരിവേടകം | 1,25,000/- |
| 7 | ചീരു,w/o.രാമൻ,ബേത്തലം | 2,25,000/- |
| 8 | ബാബു, s/o.മൊണ്ണൻ, ബന്തടുക്ക | 2,00,000/- |
| 9 | മനോജ്.എച്ച്, s/o.കൈക്കളൻ,ഇടയ്ക്കാട് | 1,25,000/- |
| 10 | ഉഷ,w/o.രാമൻ,മാനടുക്കം | 1,25,000/- |
| 11 | കുഞ്ഞിക്കണ്ണൻ.എച്ച്,s/o.അമ്പാടി,കാവുങ്കൽ | 25,000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഈ 11 ഗുണഭോക്താക്കളുടെയും പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതിൽ ക്രമ നം.11 പ്രകാരമുള്ള കുഞ്ഞിക്കണ്ണൻ.എച്ച്, s/o.അമ്പാടി,കാവുങ്കൽ എന്നയാൾ ഒരു ഗഡു 25,000/- രൂപ 24.03.2015 ന് കൈപ്പറ്റിയിട്ടുണ്ട്(ഡിഡി. നം.347933/24.03.2015) അതിനുശേഷം നിർമ്മാണം ഒന്നും നടത്തിയിട്ടില്ല, അതിനാൽ ഈ ഗുണഭോക്താവിൽ നിന്നും നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 കരിവേടകം IHDP കോളനി കുടിവെള്ള പദ്ധതി അധികവിഹിതം നൽകിയത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്ട് നം.05/16 – കരിവേടകം IHDP കോളനി കുടിവെള്ള പദ്ധതി അധികവിഹിതം.

കേരള ജലഅതോറിറ്റി നടപ്പിലാക്കിയ കരിവേടകം IHDP കോളനി കുടിവെള്ള പദ്ധതിക്ക് അധികവിഹിതമായി ഗ്രാമപഞ്ചായത്ത് ബിൽ നം. 4/15-16/03.07.15 പ്രകാരം 3,10,822/- രൂപ പിൻവലിക്കുകയും കേരള ജലഅതോറിറ്റിയുടെ കത്ത് നം.D3-2490/2013/25.05.15 പ്രകാരം തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ജല അതോറിറ്റി, കാസറഗോഡിന് നൽകുകയും ചെയ്തിട്ടുണ്ട്.ഡി.ഡി നം.348402/27.07.2015. ഈ പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങളും എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച വിവരങ്ങളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.06/24.11.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് പദ്ധതി ഈ വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും, കേരള ജലഅതോറിറ്റിയിൽ നിന്നും പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും വാങ്ങി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. അതിനാൽ 3,10,822/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും വാങ്ങി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-4 മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററി ഇതുവരെ തയ്യാറാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്ട് നം.130/16 – മീഡിയാശ്രീ പദ്ധതി.

കുടുംബശ്രീ സംസ്ഥാന മിഷനുമായി ചേർന്ന് സംസ്ഥാനതലത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ചരിത്രവും, വർത്തമാനകാലവും, പദ്ധതികളും ഡോക്യുമെന്ററി ചെയ്യുന്ന മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവും, വർത്തമാനകാലവും, പദ്ധതികളും ഡോക്യുമെന്ററി തയ്യാറാക്കാൻ ബിൽ നം. 5/15-16/03.07.15 പ്രകാരം 65,000/- രൂപ പിൻവലിക്കുകയും ഡോക്യുമെന്ററി തയ്യാറാക്കുന്ന, കാസറഗോഡിന് ജില്ലയിലെ ഏജൻസിയായ കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. (ഡിഡി നം.348403/27.07.2015). പക്ഷെ നാളിതുവരെയായി കുടുംബശ്രീ ജില്ലാ മിഷൻ ഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.06/24.11.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് കുടുംബശ്രീ ജില്ലാ

മിഷനോട് ഡോക്യുമെന്ററി എത്രയും പെട്ടെന്ന് ഹാജരാക്കാൻ ആവശ്യപ്പെട്ടുമെന്നാണ് മറുപടി നൽകിയത്. ഡോക്യുമെന്ററി നാളിതുവരെയായി തയ്യാറാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതി- സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്ട് നം.110/16 – സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതി.

വൗച്ചർ നം.21500358/15. 09.2015 – 10,352.00

വൗച്ചർ നം.21500376/18.09.2015 – 8,41,412.00

വൗച്ചർ നം.21500377/18.09.2015 – 7,58,588.00

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്ന ഈ പദ്ധതിക്കായി മേൽ വൗച്ചറുകൾ പ്രകാരം ആകെ 16,10,352/- രൂപ KREWS, കിൻഫ്രാ പാർക്ക്, കാസറഗോഡിന് നൽകിയിട്ടുണ്ട്. (ഡിഡി നം.709442/15.09.15,348583 /18.09.15). KREWS, കാസറഗോഡിന്റെ ഇൻവോയ്സ് നം.713/9.9.2015 പ്രകാരമാണ് തുക നൽകിയത്. ആകെ 36 സോളാർ തെരുവ് വിളക്ക് സെറ്റുകളാണ് സ്ഥാപിക്കേണ്ടത്. KREWS, കാസറഗോഡിന്റെ കത്ത് നം, 39A/1068/15-16/25.02.2016 പ്രകാരം ആകെ 36 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. ഈ തെരുവ് വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചു, പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധന നടത്തിയത്, മോണിറ്ററിംഗ് സംബന്ധമായ രേഖകൾ എന്നിവയൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.06/24.11.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ച സ്ഥലങ്ങളിൽ 36 എണ്ണം സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടെന്നും, വ്യക്തിപരമായി ഞാൻ പരിശോധന നടത്തിയിട്ടുണ്ടെന്നുമാണ് സെക്രട്ടറി മറുപടി നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് തീരുമാനിച്ച 36 സ്ഥലങ്ങൾ ഏതെന്നോ, അവിടെയൊക്കെ ഇവ സ്ഥാപിച്ചു എന്നതു സംബന്ധമായ രേഖകളോ ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ആകെ 16,10,352/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ്

നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ, നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ലഭിക്കുന്ന തുകകൾ ഡിമാന്റ് ഡ്രാഫ്റ്റുകളാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവ് (പി)177/06/ഫിൻ തിയതി 12.04.2016 ലെ നിർദ്ദേശ പ്രകാരം യൂണിയൻ ബാങ്കിന്റെ പൊയിനാച്ചി ശാഖയിൽ 13.04.2010 ന് ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നു. (അക്കൗണ്ട് നം 626602010000387). ഈ അക്കൗണ്ടിൽ കാലങ്ങളായി വലിയ ഒരു തുക തിരിച്ചറിയപ്പെടാനാവാത്ത നീക്കിയിരിപ്പായി തുടരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ മുഴുവൻ ഇടപാടുകൾക്കു ശേഷവും 23.05.2016 ന് ഈ അക്കൗണ്ടിൽ 1,33,878 രൂപ ബാക്കി നിൽക്കുന്നതായി പാസ് ബുക്ക് പരിശോധിച്ചതിൽ കാണുന്നു. ഇതിൽ നിന്ന് പേമെന്റുകളൊന്നും തന്നെ ബാക്കി നിൽക്കുന്നില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുകയുണ്ടായി.

സർക്കാർ ഉത്തരവ് (പി)177/06/ഫിൻ തിയതി 12.04.2016 പ്രകാരം, ട്രഷറിയിൽ നിന്ന് പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന തുകകൾ ഒരു മാസത്തിനകം ബന്ധപ്പെട്ട പാർട്ടികൾക്ക് നൽകണമെന്നും ഒരു കാരണവശാലും ട്രഷറിയിൽ നിന്നും പിൻ വലിക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കാൻ പാടില്ലെന്നും നിഷ്കർഷിക്കുന്നുണ്ട്.

ഈ അക്കൗണ്ടിൽ ഇത്രയും തുക ദീർഘകാലമായി സൂക്ഷിക്കുന്നത് മേൽ സർക്കാർ ഉത്തരവിനു വിരുദ്ധമാണ്.

ഈ വിഷയം പഞ്ചായത്ത് ചർച്ച ചെയ്ത് ഈ അക്കൗണ്ടിൽ കണക്കിൽ പെടുന്ന ഏതെങ്കിലും പേമെന്റ് ഉണ്ടെങ്കിൽ അതു നടത്തി ബാക്കി തുക അടിയന്തിരമായി കണക്കിൽ പെടുത്തുകയും ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കുകയും ചെയ്യേണ്ടതാണ്.

## 3-7 ടെണ്ടറുകളിൽ മത്സരം ഉറപ്പു വരുത്തുന്നില്ല

കറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്തു പ്രവൃത്തികളുടെ ടെണ്ടറുകളിൽ കാലങ്ങളായി ഒരു മത്സരവും നടക്കുന്നില്ല. മിക്കവാറും പ്രവൃത്തികളിൽ 2 കരാറുകാർ മാത്രമാണ് ടെണ്ടറുകൾ സമർപ്പിച്ചുകാണുന്നത്. ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ക്വാട്ട് ചെയ്യുമ്പോൾ മറ്റേ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും ക്വാട്ട് ചെയ്യുന്നു. ഒരു പ്രവൃത്തിയുടെ ടെണ്ടറിൽ പോലും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ഒരാൾ പോലും ക്വാട്ട് ചെയ്തതായി കാണുന്നില്ല.

ഏറ്റവും പുതിയ പൊതുമരാമത്തു നിരക്കുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകളുള്ള പ്രവൃത്തികളിൽ പോലും

ടെണ്ടറിൽ ഇതേ സ്ഥിതിയാണ് കാണുന്നത്. എസ്റ്റിമേറ്റുകൾ കേന്ദ്ര പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷനിലേക്കും ഡെൽഹി നിരക്കിലേക്കും ചുവടു മാറിയിട്ടും ടെണ്ടറിൽ തൽ സ്ഥിതി തുടരുകയാണ്. ഇതേ കാലയളവിൽ തൊട്ടടുത്ത പഞ്ചായത്തുകളിൽ നടത്തിയ ടെണ്ടറുകളിൽ നല്ല മത്സരം നടന്നിരുന്നു. എന്നാൽ കാലങ്ങളായി ഈ പഞ്ചായത്തിൽ നടത്തുന്ന ടെണ്ടറുകളിൽ ഈ സ്ഥിതി തുടരുന്നത് സംശയകരമാണ്.

പഞ്ചായത്ത് നടത്തുന്ന മാന്വൽ ടെണ്ടറുകളിലാണ് ഈ സ്ഥിതി. എന്നാൽ 2015-16 വർഷത്തിൽ 5 പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തിയതിൽ നല്ല മൽസരമാണ് നടന്നത്. ഇ-ടെണ്ടർ നടത്തിയ 5 പ്രവൃത്തികളിലും എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് പ്രവൃത്തികൾ നടപ്പിലാക്കിയത്. ഇതിൽ 3 പ്രവൃത്തികളിലും രണ്ടിൽ കൂടുതൽ കരാറുകാർ ക്വാട്ട് ചെയ്തതായും കാണുന്നു.

2014-15 മുതൽ നടത്തിയ ടെണ്ടറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ടെണ്ടർ തിയതി</th><th>ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം</th><th>പങ്കെടുത്ത കരാറുകാരുടെ എണ്ണം</th><th>ക്വാട്ട് ചെയ്ത നിരക്കുകൾ</th></tr>
<tr><td>19.11.2014</td><td>18</td><td rowspan="2">ഓരോ പ്രവൃത്തികളിലും 2 വീതം കരാറുകാർ</td><td rowspan="2">ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക്, മറ്റേ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ</td></tr>
<tr><td>12.02.2015</td><td>21</td></tr>
<tr><td>09.07.2015</td><td>2</td><td>2 പ്രവൃത്തികളിലും 3 വീതം കരാറുകാർ</td><td>ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക്, മറ്റേ 2 കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ</td></tr>
<tr><td>18.09.2015</td><td>26</td><td>ഓരോ പ്രവൃത്തികളിലും 2 വീതം കരാറുകാർ</td><td>ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക്, മറ്റേ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ</td></tr>
<tr><td>29.09.2015</td><td>2</td><td>2 പ്രവൃത്തികളിലും 3 വീതം കരാറുകാർ</td><td>ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക്, മറ്റേ 2 കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ</td></tr>
<tr><td>22.01.2016</td><td>9</td><td rowspan="2">ഓരോ പ്രവൃത്തികളിലും 2 വീതം കരാറുകാർ</td><td rowspan="2">ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക്, മറ്റേ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ</td></tr>
<tr><td>11.03.2016</td><td>5</td></tr>
</table>

മേൽ പട്ടികയിൽ നിന്നു തന്നെ ടെണ്ടറുകളിലെ മൽസരമില്ലായ്മ വ്യക്തമാണ്. മിക്കവാറും പ്രവൃത്തികളിലും ടെണ്ടർ ഷെഡ്യൂളുകൾ അനേകം വിറ്റു പോകുന്നുണ്ടെങ്കിലും ടെണ്ടർ സമർപ്പിക്കുന്നത് വെറും രണ്ടോ മൂന്നോ കരാറുകാർ മാത്രമാണ്. കരാറുകാർ തമ്മിൽ അഡ്ജസ്റ്റ്മെന്റ് നടത്തുന്നു എന്നത് വ്യക്തമാണ്.

ഈ സാഹചര്യത്തിൽ ടെണ്ടറുകളിൽ മൽസരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റി ഇടപെട്ട് കൈക്കൊള്ളേണ്ടതാണ്. ടെണ്ടർ പരസ്യങ്ങൾക്ക് വ്യാപക പ്രചാരണം നൽകേണ്ടതാണ്. പ്രദേശിക ദിനപത്രങ്ങളിൽക്കൂടി പരസ്യം ചെയ്യാവുന്നതാണ്. കൂടാതെ കൂടുതൽ കരാറുകാരെ നേരിട്ട് ബന്ധപ്പെട്ട് ക്വാട്ട് ചെയ്യാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇപ്രകാരം അപ്രതീക്ഷിത മൽസരം സംഘടിപ്പിക്കാനായാൽ മാത്രമേ ഇന്നു നിലനിൽക്കുന്ന മൽസരമില്ലായ്മയ്ക്ക് ഒരു മാറ്റം കാണാനാവുകയുള്ളൂ. ആയതിനാൽ ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുകയാണ്.

## 3-8 റോഡുകളുടെ ഉപരിതലം കോൺക്രീറ്റ് ചെയ്യുന്നതിന് ഫ്ലോറിംഗിനുള്ള നിരക്ക് അനുവദിച്ചു- നഷ്ടം

2015-16 വർഷത്തിൽ ചില റോഡുകളുടെ ഉപരിതലം കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. 1:2:4 അനുപാതത്തിൽ 20 mm കല്ലുപയോഗിച്ച് ഉപരിതലം കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

1:2:4 അനുപാതത്തിൽ 20 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റിന് ഡെൽഹി നിരക്കിലെ 11.7 എന്ന കോഡിലെ നിരക്കാണ് അനുവദിച്ചു കാണുന്നത്. എന്നാൽ ഡെൽഹി നിരക്കിലെ 11.7 എന്ന കോഡ് പ്രകാരമുള്ള നിരക്ക് ഫ്ലോറിംഗിനുള്ള നിരക്കാണ്. ഈ നിരക്ക് റോഡുകളുടെ ഉപരിതലത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് അനുവദിക്കാവുന്നതല്ല. റോഡുകളുടെ ഉപരിതലം കോൺക്രീറ്റ് ചെയ്യുന്നതിന് കോഡ് 4.1.3 പ്രകാരമുള്ള നിരക്കും കോഡ് 16.42 പ്രകാരമുള്ള സൈഡ് ഷട്ടറിംഗ് അളവായ 0.407sqm /1 cum ന് കോഡ് 5.9.1 പ്രകാരമുള്ള ഷട്ടറിംഗ് നിരക്കും മാത്രമേ അനുവദിക്കാവൂ.

അനുവദിച്ച നിരക്ക്-

*(1) കോസ്റ്റ് ഇൻഡക്സ് 1.3048 പ്രകാരം*

5759.20/cum (കോഡ് 11.7) x 1.3048 (cost index) =

7514.60/cum

*(2) കോസ്റ്റ് ഇൻഡക്സ് 1.3619 പ്രകാരം*

5759.20/cum (കോഡ് 11.7) x 1.3619 (cost index) =

7843.45/cum

അനുവദനീയമായ നിരക്ക്-

*(1) കോസ്റ്റ് ഇൻഡക്സ് 1.3048 പ്രകാരം*

5466.30/cum (കോഡ് 4.1.3) x 1.3048 (cost index) =7132/cum

(+) 0.407 sqm ഷട്ടറിംഗ് നിരക്ക് @ 196.45/sqm = 79.96 x 1.3048 (cost index) = 104.33/cum
7236.33/cum

*(2) കോസ്റ്റ് ഇൻഡക്സ് 1.3619 പ്രകാരം*

5466.30/cum (കോഡ് 4.1.3) x 1.3619 (cost index) =7444.55/cum

(+) 0.407 sqm ഷട്ടറിംഗ് നിരക്ക് @ 196.45/sqm = 79.96 x 1.3619 (cost index) = 108.89/cum
7553.45/cum

കോൺക്രീറ്റ് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും അധികം നൽകിയ തുകകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പേമെന്റ് വിശദാംശങ്ങൾ | കോൺക്രീറ്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ | ചെയ്ത പ്രവൃത്തിയുടെ അളവ്, നിരക്ക്, മൂല്യം | അനുവദനീയമായ മൂല്യം | അധികം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം- 27/16 | ഇനം 11, | പേജ് 25, 29, | 2.2 cum @ | 612 |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്- ശങ്കരമ്പാടി നെച്ചിപ്പട്ടപ്പ് റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.പി.ശിഹാബുദ്ദീൻ<br>പേമെന്റ്- ബിൽ നം 12/15-16, തിയതി- 12.02.2016, തുക- 2,99,618,<br>ബിൽ നം 18/15-16, തിയതി 11.02.2016, 1,00,000 | കോഡ് 11.7,<br>2.20 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = Rs.16,532 | എം ബുക്ക് നം 3/15-16,<br>2.20 cum @ 7514.60/cum = Rs.16,532.12 | 7236.33/cum = Rs.15,919.92 | |
| 2 | പ്രോജക്ട് നം- 75/16<br>പ്രവൃത്തിയുടെ പേര്- ആനക്കല്ല് ഇടയിച്ചാൽ റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.എ.സുരേഷ് കുമാർ<br>പേമെന്റ്- ബിൽ നം 16/15-16, തിയതി- 12.02.2016, തുക- 3,95,036 | ഇനം 11, കോഡ് 11.7,<br>3 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = Rs.22,544 | പേജ് 24 എം ബുക്ക് നം 5/15-16,<br>3 cum @ 7514.60/cum = Rs.22,543.80 | 3 cum @ 7236.33/cum = Rs.21,708.99 | 835 |
| 3 | പ്രോജക്ട് നം- 47/16<br>പ്രവൃത്തിയുടെ പേര്- വളവ് വെള്ളാല റോഡ് റീടാറിംഗ്<br>കരാറുകാരൻ- ശ്രീ.എ.സുരേഷ് കുമാർ<br>പേമെന്റ്- ബിൽ നം 55/15-16, തിയതി- 31.03.2016, തുക- 6,08,716 | ഇനം 11, കോഡ് 11.7,<br>3.83cum cement concrete in 1:2:4 in 20 mm stone aggregate) @ 7843.45/cum = Rs.30,040 | പേജ് 28 എം ബുക്ക് നം 37/15-16,<br>3.735 cum @ 7843.45/cum = Rs.22,295.29 | 3.735 cum @ 7553.45/cum = Rs.28,212.13 | 1,083 |
| 4 | പ്രോജക്ട് നം- 45/16<br>പ്രവൃത്തിയുടെ പേര്- ബേത്തൂർപാറ അമ റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.എ.തമ്പാൻ നായർ<br>പേമെന്റ്- ബിൽ നം | ഇനം 3, കോഡ് 11.7,<br>7.36 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = | പേജ് 19, എം ബുക്ക് നം 17/15-16,<br>7.728 cum @ 7514.60/cum = Rs.58,072.2 | 7.728 cum @ 7236.33/cum = Rs.55,922.35 | 2,150 |

| | | | | | |
|---|---|---|---|---|---|
| | 34/15-16, തിയതി- 18.03.2016, തുക- 2,98,631 | Rs.55,307 | | | |
| 5 | പ്രോജക്ട് നം- 35/16<br>പ്രവൃത്തിയുടെ പേര്- കരിവേടകം ചൂരിത്തോട് റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.എ.വി.ശ്രീധരൻ<br>പേമെന്റ്- ബിൽ നം 36/15-16, തിയതി- 28.03.2016, തുക- 3,91,565 | ഇനം 11, കോഡ് 11.7,<br>3 cum cement concrete in 1:2:4 in 20 mm stone aggregate) @ 7843.45/cum = Rs.23,530 | പേജ് 23, എം ബുക്ക് നം 19/15-16,<br>7.728 cum @ 7514.60/cum = Rs.58,072.2 | 7.728 cum @ 7236.33/cum = Rs.55,922.35 | 2,150 |
| | | | | | 4,680 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2, തിയതി 27.09.2016) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 പശു വളർത്തൽ പദ്ധതി -കരാർ ചമച്ചിട്ടില്ല.

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ )

പ്രോജക്ട് നം.95/16

അടങ്കൽ - 4,80,000 (2,40,000 (വികസന ഫണ്ട്)+ 2,40,000-ഗുണഭോക്തൃ വിഹിതം)

ചെലവ് - 2,40,000 (വികസന ഫണ്ട്)

2015-16 സാമ്പത്തിക വർഷത്തിൽ പശു വളർത്തൽ (വനിതകൾക്ക്) പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് 15,000 രൂപ വീതം മൊത്തം 2,40,000 രൂപ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വാങ്ങിയ പശുവിനെ 3 വർഷത്തേക്ക് വിൽപ്പന നടത്തുകയില്ല എന്ന കരാർ ഉടമ്പടി വച്ചിട്ടില്ല. വാങ്ങിയ പശുക്കളെ ഗുണഭോക്താക്കൾ തന്നെ പരിപാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2,40,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു-
ബിൽനം 1/15-16 തീയതി 25-01-16- 1,20,000
ബിൽനം 2/15-16 തീയതി 16-02-16- 60,000
ബിൽനം 3/15-16 തീയതി 18-03-16- 30,000
ബിൽനം 4/15-16 തീയതി 29-03-16- 30,000
ആകെ 2,40,000

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 75,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75,000 | ഇല്ല |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 29,997 | നെൽക്കൃഷി കൂലിച്ചെലവ് | 29,997 | ഇല്ല |
| എൻ.പി.ആർ. പി. ഡി. കാസറഗോഡ് | 6,00,000 | വൈകല്യ സൗഹൃദ ഭവനം | ഇല്ല | 6,00,000 |
| ശുചിത്വ മിഷൻ | 18,00,000 | സമ്പൂർണ ശുചിത്വ പദ്ധതി | 6,00,000 | 12,00,000 |
| നബാർഡ് | 13,26,000 | അങ്കണവാടി കെട്ടിടങ്ങൾ- നബാർഡ് വിഹിതം | ഇല്ല | 13,26,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ -

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് -

ഇല്ല

## 4-4 വായ്പ തിരിച്ചടവ്-

| ക്രമ നം | വായപയുടെ പേര്, ഉദ്ദേശം | വായ്പാ തുക | ഉത്തരവ് നം, തിയതി | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന പദ്ധതി വായ്പ | 1,81,03,500 | 277/10, തിയതി 27.01.2010 | 37,49,925 | 20,57,931 | | 16,91,994 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17,77,791 |
| തൻവർഷം നിക്ഷേപിച്ച തുക | 1,74,252 |
| ആകെ | 19,52,043 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19,52,043 |

വ്രഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക്, പട്ടപ്പ് ശാഖ | 4,75,047 | 1175 |
| ജില്ലാ സഹകരണ ബാങ്ക്, പട്ടപ്പ് ശാഖ | 4,32,375 | 1641 |
| ജില്ലാ സഹകരണ ബാങ്ക്, പട്ടപ്പ് ശാഖ | 6,94,636 | 1642 |
| ജില്ലാ സഹകരണ ബാങ്ക്, പട്ടപ്പ് ശാഖ | 1,47,772 | 3085 |
| കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ സഹകരണ സൊസൈറ്റി, കുറ്റിക്കോൽ | 2,02,213 | 1260 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,23,28,213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,42,77,422 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,590 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54,680 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,26,174 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,100 | | കെ.കൃഷ്ണ, സെക്രട്ടറി |
| 2-6 | 490 | | കെ.കൃഷ്ണ, സെക്രട്ടറി |
| 3-1 | | 50,000 | ഉഷാ കുമാരി.പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | | 4,680 | ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,10,822 | കെ.കൃഷ്ണ, സെക്രട്ടറി |
| 3-4 | 65,000 | കെ.കൃഷ്ണ, സെക്രട്ടറി |
| 3-5 | 16,10,352 | കെ.കൃഷ്ണ, സെക്രട്ടറി |
| 3-9 | 2,40,000 | എ.വി.അരുൺ കുമാർ, വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം |
|---|---|---|

| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| കെ.കൃഷ്ണ, സെക്രട്ടറി | സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | സ്മിതരാഗ് മുണ്ടക്കാനം പുത്തിഗെ.പി.ഒ |
| ഉഷാ കുമാരി.പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | ബേപ്പ് ഹൗസ് മണിയങ്കോട്, മുളിയാർ, കാസറഗോഡ് |
| ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | ആളൂന്നതിൽ, വെൺകുളം, എടവ (പി.ഒ) തിരുവനന്തപുരം പിൻ- 695311 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.4/1011/08 തിയതി 29.08.2008 | 5 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.എസ്.ഡി.4/1012/08 തിയതി 29.08.2008 | 3 |
| 2001-02(ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.4/544/09 തിയതി 04.05.2009 | 2 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.4/543/09 തിയതി 04.05.2010 | 8 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/640/10 തിയതി 04.10.2011 | 2 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/641/10 തിയതി 18.08.2011 | 5 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/642/10 തിയതി 28.09.2011 | 4 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/649 /11തിയതി 13.12.2011 | 4 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/687/11 തിയതി 13.12.2011 | 3 |
| 2008-09 & 2009-10 | എൽ.എഫ്.കെ.എസ്.ഡി.4/949/12 തിയതി 14.08.2013 | 14 |
| 2010-11 & 2011-12 | എൽ.എഫ്.കെ.എസ്.ഡി.6/734/13 തിയതി 05.06.2014 | 20 |
| 2012-13 & 2013-14 | എൽ.എഫ്.കെ.എസ്.ഡി.7/380 /15തിയതി 14-05-2015 | 9 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.7-272/2016, തിയതി 15.03.2016 | 17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കാസർഗോഡ്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എസ്.ഡി -7/48/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസറഗോഡ്.

തിയതി 19.01.2017

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി

ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

No. KSA-KSD- 7/48/2016

Kerala State Audit Department

District Audit Office,Kasaragod – 671 123

Phone: 04994-256690

Dated:19.01.2017

Certified that I have audited the Annual Financial Statement of Kuttikkol Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kuttikkol Grama Panchayat for the year 2015-16, except the observations pointed out in part 2 & 3 of the audit report, properly presents the picture of income and expenditure.

Deputy

Director,

Kerala State Audit Department,

District Audit Office, Kasaragod